
ഇതൾ
ഗ.H.S.S മൊറാഴ
2018-19

**സ്റ്റാഫ് എഡിറ്റർ**

ഷീലത ടി പി

**സ്റ്റുഡൻറ് എഡിറ്റർ**

നന്ദന സി അശോക്

**സ്റ്റാഫ് റപ്രസൻേററ്റീവ്**

ജമില പി

വിദ്യ എ കെ

ഷാജി കെ വി

**സ്റ്റുഡൻറ് റപ്രസൻേററ്റീവ്**

ജിത്തു പി വി

അശ്വിൻ ദാസ്

അലീന പി ബി

ദേവിക സി മനോജ്

ശിഖ ആർ

മുഹമ്മദ് സിനാൻ സി പി

**കവർ ചിത്രം**

സഞ്ജയ് കെ

## പ്രധാനാദ്ധ്യാപിക



***ജീജ ഞണ്ടമ്മാടൻ***

വിദ്യാർത്ഥികളിലെ സർഗ്ഗശേഷിയും കഴിവുകളും സൃഷ്ടിപരതയും പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിൽ ഗവ.മൊറാഴ ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നൂതന ആവിഷ്കാരത്തിന്റെ ഭാഗമായി Digitalise ചെയ്ത് മാഗസിൻ തയ്യാറാക്കുന്നതിൽ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് വിജയിച്ചിരിക്കുന്നു എന്നതിന്റെ ഉത്തമ ഉത്പ്പന്നമാണ് 'ഇതൾ'. കുരുന്നു മനസ്സുകളിലെ കഴിവുകൾ വർണ്ണ ശബളമായ പുതുമയുള്ള വിഭവങ്ങളായി രൂപപ്പെട്ടിരിക്കുന്നു. മാഗസീനുവേണ്ടി അണിയറയിൽ പ്രവർത്തിച്ച് അതിനുവേണ്ട

ഇതൾ

പ്രോത്സാഹനവും പ്രേരണയും നൽകിയവർക്കും പ്രതിഭകൾക്കും അനുമോദിച്ചുകൊണ്ട് എല്ലാ ആശംസകളും നേരുന്നു.

*******

# *മുഖക്കുറിപ്പ്*

ഇളം മനസ്സുകളുടെ സഞ്ചാരവഴികളിലെ വിസ്മയക്കാഴ്ചകൾ മഷിത്തുള്ളികളിൽ ഇതൾ വിരിയുന്നതാണ് ഈ മാഗസീൻ. കുരുന്ന ഭാവനകൾക്കൊരു നിറച്ചാർത്ത്. അതാണ് 'ഇതൾ'. സർഗ്ഗാത്മകതയുടെ ലോകത്ത് വിടരാൻ കൊതിക്കുന്ന ഈ ഇളം മൊട്ടുകൾക്ക് വഴിവിളക്കാവട്ടെ ഈ അക്ഷരവർണ്ണക്കൂട്ടുകൾ.

ഷീലത ടി പി

സ്റ്റാഫ് എഡിറ്റർ

********

## എഡിറ്റോറിയൽ

ജീവിതത്തിൻെറ നല്ലകാലമാണിത്
ഇൻറർനെറ്റിൽ കുടുങ്ങി കലയും കലാബോധവും
നഷ്ടമായിട്ടില്ല എന്ന് ഓർമ്മിപ്പിച്ചു കൊണ്ടുള്ള ഞങ്ങളുടെ
ശ്രമങ്ങളാണ് ഈ മാഗസീനിൽ കൂടി 'ഇതൾ' വിരിയുന്നത്...

സ്നേഹപൂർവ്വം ,
നന്ദന സി അശോക്
**സ്റ്റുഡൻറ് എഡിറ്റർ**

*********

## ഉള്ളടക്കം

കപടലോകത്തെ ചതിയൻമാർ!.......7
മിഴിനീർപ്രവാഹം.......10
മാതൃത്വം ശാപമായ്.......12
ചരിത്രം തിരുത്തിയ ശാസ്ത്രപ്രതിഭകൾ.......14
സംഘർഷഭൂമി.......17
കളപ്പുരപ്രാവ്.......18
അവൾ മഹാലക്ഷ്മി.......20
നവകേരളം തുള്ളൽ.......24
പൊയ്മുഖം കീറിയ നാട്ടുകാർ.......25
ദൈവത്തിൻെറ സ്വന്തം നാട്.......27
അവൾ.......31
ആടുജീവിതം.......34
സുപ്രഭാതം.......38

**കവിത**



നന്ദന. സി . അശോക്

10 എ

**കപടലോകത്തെ ചതിയൻമാർ!**

വിണ്ണിൻ താഴ്വാരങ്ങളിൽ നിന്ന്
മണ്ണിനെ നോക്കിചിരിച്ച
കാർമുകിലെന്തെ പറഞ്ഞീല
തേടിയത് നിന്നെയെന്ന്....
വീശിയടിച്ച കൊടുങ്കാറ്റും പാലിച്ചു
ചതിയുടെ മൗനവ്രതം.
രവിതൻ അസഹ്യ നർത്തനത്തിനൊടുവിൽ
നിനക്കു കുളിരായായെത്തിയ
പേമാരി 'പേ' മാരിയായ് മാറി
ഈ കപടലോകത്തെ വഞ്ചിച്ചു.
ഹേ, മനുഷ്യാ ! നീ അറിഞ്ഞില്ലേ
പുഴയെ കൊല്ലുമ്പോഴും മണലൂറ്റുമ്പോഴും
അവൾക്ക് 'മഴ ' എന്നൊരു കാമുകനുണ്ടെന്ന്.
നീ ചെയ്ത നിൻ തെറ്റായ ശരികൾക്ക്

അന്തകനായ് അവനെത്തുമെന്ന്.
കെട്ടിപൊക്കിയ കുറ്റൻ കെട്ടിടവും
ഇരുനില മാളികയും കേവലം ഒരു ശവപ്പറമ്പാകുമെന്ന്!
നിൻ നിസ്സഹായ പ്രാർത്ഥനകൾക്കു കൂലിയായ്
ഹിന്ദുവും മുസൽമാനും ക്രിസ്ത്യനും എന്തിന്
ഉണർന്നു വിശ്വ പ്രപഞ്ചവും.
പിന്നെ വാർത്തയായ് ചർച്ചയായ് കോലാഹലങ്ങളായ്
ദാനമായ് ലക്ഷവും കോടിയും....
കേവലം ഇരു മാസക്കാലം കൊണ്ട്
വെറുമൊരു കഥയായ് മാറിയ ഈ കഥകൾക്കൊടുവിൽ
ഉയർന്നു ആചാരചിട്ടതൻ കാഹളം
അത് ഇന്നും പാറിനടക്കുന്നു....
സ്ത്രീത്വത്തിൻ മഹാത്മ്യം പാടിനടന്നവർ
നേരിൻ വെളിച്ചത്തെ ഇരുളാക്കി മാറ്റുന്ന
അതിരു വിട്ട ക്രീഡതൻ മുതലാളിമാർ
സ്വരുപിച്ചു കൂട്ടിയ സൽഗുണസമ്പത്തിൻ കപട'സെഞ്ച്വറി'കൾ
കേവലം മൂന്നക്കമായി മാറുമ്പോൾ
സ്മരിക്കുക കാലത്തിൻ കൈയൊപ്പുകൾ.....

--------------



ശ്രീലക്ഷ്മി പ്രമോദ്

10 B

## മിഴിനീർപ്രവാഹം

കരിമേഘനിഴലുകൾ ആകാശവീഥിയിൽ
കലിതൻഭാവം പൂണ്ടൊഴുകുന്നിതാ,
ഗർജനം കേൾക്കുന്ന മേഘചുരുളുകൾ-
ക്കിടയിലൂടവപാഞ്ഞ് ഭൂമിയെ പുണരുന്ന
ക്ഷണനേരകാലം കൊണ്ടൊരു ഭീമമാം
മിന്നൽപ്പിണരൊന്നു പൃഥ്വിയെ മിന്നിമറയ്ക്കുന്നു.
പ്രകൃതിതൻ ഭാവമതു രൗദ്രമായ് തിർന്നുകൊണ്ടൊരു-
മഹാവാതത്തിൻ ചുരുളഴിഞ്ഞീതെടുന്നു.
തരുക്കൾ തൻ ശിഖരത്തിലാടിയുലയുന്ന

ഇലകളെ കൈകളാൽ ചേർത്തുപിടിക്കുന്നു.
ആകാശഗർജനം കേട്ടുപേടിച്ചരണ്ടോടുന്നു.
കൊച്ചുപൈക്കിടാങ്ങളിതെന്തെന്നറിയാതെ
പ്രകൃതി സഹനശക്തികൈവിട്ടവൾതൻ
മനസ്താപത്തെയൊരുസാഗരനിറവിനായ്
നേത്രനീർ പൊഴിക്കവെ.....
കടലരുവിതോടുകൾ നദികളവ സർവ്വവും
ആ ദു:ഖബാഷ്പത്താൽ നിറകവിഞ്ഞൊഴുകവെ
ഭീമമായൊരു പാറക്കെട്ടിലൂടൊരു കുറ്റൻ
നിമിഷനേരം കൊണ്ടൊന്നുതൊട്ടുപാഞ്ഞീടവെ
ഗിരിതൻവേരുകൾ ഭൂമിമാതാവിൻെറ പിടിവിട്ടുകൊണ്ടവ
മർത്യഗൃഹങ്ങൾക്കു മീതെ പതിക്കയായ്
പിഞ്ചുബാല്യങ്ങൾ തൻ അന്ത്യനിശ്വാസങ്ങൾ
മണ്ണിനടിയിലമർന്നൊടുങ്ങീടവെ.
അന്ധകാരം വിതച്ചീടുന്ന മേഘത്തിൽ
മിഴിനീർ പൊടുന്നനെ ഭീമമായ് മാറവെ.
വഴിനടപ്പാതകളെന്നില്ല ഗൃഹങ്ങൾ തൻ
ആന്തരങ്ങൾ പോലുമൊരു ജലാശയസൃഷ്ടിക്കായ്
ഒരുങ്ങുകയാണ് വേഗം
പുസ്തകത്താളുകൾ ജലനീരിൽ തലോടലാൽ
കുതിർന്നു പോയിടുന്നു.
അതു കണ്ടു പിഞ്ചുബാല്യങ്ങൾ തൻ
ഹൃദയങ്ങൾ അന്ധകാരത്തെതേടി-

-യലയുന്ന വഴിനീളെ....
മരണം അതൊരു ദിനം കൊണ്ടുതന്നെ
മർത്യജന്മങ്ങൾക്കുമേലൊരസ്ത്രഭാവത്തിൽ പെയ്തിറങ്ങി.
മാധ്യമത്താളുകളിൽ രക്തവർണ്ണത്തിലെഴുതീടുന്നു.
കേരളം ഒരു തണ്ണീർത്തടമായ് മാറിയെന്ന്
മർത്യമൃഗകീട ജീവനാജലത്തിനടിയിൽ കിടന്നു-
-കൊണ്ടൊന്നുപിടയുമ്പോൾ വന്നെത്തി
സഹായഹസ്തങ്ങൾ നീട്ടി കൊണ്ടവർ
അവർ തന്നെ കടലമ്മതൻ മക്കൾ.
ദിനങ്ങളേറെയങ്ങനെ കടന്നുപോയ്
ജലഭീതിയിലാഴ്ന്നമർന്നുകൊണ്ട്
പ്രകൃതിമാതാവിൻെറ ഹസ്തങ്ങൾക്കു
വിലങ്ങിട്ടു മർത്യമക്കൾക്കായി
ഭൂമിമാതാവിൻെറ പ്രളയസമ്മാനമോ?

കവിത



നന്ദന സുധീഷ്
10 ബി

**മാതൃത്വം ശാപമായ്**

അവൾ തൻ വേരുകളിൽ പടുത്തവൻ
മാതൃത്വം നല്കിയ കരങ്ങൾക്ക്
വച്ചുനീട്ടിയതാണോ അവളിന്ന്
തെരുവിൻെറ മകളായത്.
ആ പോയ കാലങ്ങളെത്രയോ
മധുരം തുളുമ്പും ഓർമ്മകൾ
അണയാത്ത ദീപമായെന്
മനസ്സിൽ വികാരപുഷ്പമായ്
എങ്ങും തളിർത്തോരാക്കാലം
തിരികേ വരുമോ?
പോയ കാലങ്ങളെ മാടിവിളിക്കും ആ അമ്മ എത്രയോ
എത്രയോ സൗകര്യവതിയായവളിന്ന്
തെരുവിൻെറ വീതിയിൽ
തെരുവിന് കാവലായ് ഉറങ്ങാതിരുന്നവൾ
കൺപീലികൾ അടയ്ക്കാതെ

ദീപപ്രകാശം മങ്ങിയ കണ്ണുകൾ
നറു ദീപം ആർക്കോവേണ്ടി
പ്രകാശിക്കുന്നിപ്പുഴും
ദയനീയമായ ആ കാഴ്ച്ച കണ്ടവരാരും
പോരിയുന്ന വെയിലിലും
മഴത്തുള്ളികൾ വീഴ്തി
പഴകിയ, പുഴുത്ത ജന്തുമൃഗാതികൾ
അകറ്റുമാം ഭക്ഷണത്തിൻെറ
മറവിൽ കിടന്നമ്മ
തൻ കരങ്ങൾക്കോണ്ടവ
എടുത്ത് മാറോട് ചേർത്തു.
അവസാനകാലത്തെ
തൻെറ അവസാന ചോദ്യം
മക്കൾക്ക് വേണ്ടി ജീവശവമായ്
ആഗ്രഹങ്ങൾ തീർത്തു.
നല്ല മാതാവായ്,
പട്ടുത്തു വലുതാക്കി തീർത്തു
എന്തു നേടി?
ശപിക്കില്ലൊരിക്കലും
ഭൂമിയിൽ നിന്ന് പിഴുതെറിയാത്ത
കാലത്തോളം
എപ്പുഴും തണലാകും
ആകാശത്തെ നക്ഷത്രമായ് വെട്ടിത്തിളങ്ങി.

**നിരൂപണം**



ആഷ്ബിൻ മാത്യു
8 ഡി

**<u>ചരിത്രം തിരുത്തിയ ശാസ്ത്രപ്രതിഭകൾ</u>**

ലോകത്തിന് ഒരുപാട് സംഭാവനകൾ നൽകിയ ചില ശാസ്ത്ര പ്രതിഭകളെക്കുറിച്ചാണ് രാധിക സി നായർ "ചരിത്രം തിരുത്തിയ ശാസ്ത്ര പ്രതിഭകൾ" എന്ന പുസ്തകത്തിൽ പ്രതിപാദിക്കുന്നത് . 38 ശാസ്ത്രജ്ഞൻമാരെപ്പറ്റിയാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. പ്രാചീനവും ആധുനികവുമായ കാലങ്ങളിൽ ശാസ്ത്രഗതിയുടെ വളർച്ചയിൽ മുഖ്യപങ്കുവഹിച്ച മഹാപ്രതിഭകളാണിവർ. 38 ഭൗതീകശാസ്ത്രജ്ഞൻമാരുടെ ജീവചരിതിരവും കണ്ടുപിടുത്തങ്ങളും ലോകത്തിന് അവർ നൽകിയ സംഭാവനകളുമാണ് ഉള്ളടക്കം.

ഇതിൽ എനിക്കി ഏറ്റവും അധികം ഇഷ്ടപ്പെട്ടതും ലോകത്തിലെതന്നെ ഏറ്റവും മികച്ച സംഭാവനകളിലൊന്നായ

ടെലഫോൺ. ഇത് കണ്ടുപിടിച്ചത് അലക്സാണ്ടർ ഗ്രഹാം ബെൽ ആണ്. പക്ഷെ എനിക്ക് രസകരമായി തോന്നിയ ഒരു ശാസ്ത്രജ്ഞനായിരുന്ന ആർക്കിമിഡിസ്. ഒരു വസ്തു നിറയെ വെള്ളമുള്ള ഒരു പാത്രത്തിൽ താഴ്ത്തിയാൽ അത് നഷ്ടപ്പെടുന്ന ഭാരത്തിൻെറയത്ര ഭാരമുള്ള വെള്ളത്തെ പുറത്തേക്കെടുക്കും എന്ന തത്വം അദ്ദേഹത്തിൻെറതായിരുന്നു. ഇത് കണ്ടുപിടിച്ചപ്പോൾ തന്നെ താൻ നഗ്നനാണെന്ന കാര്യം പോലും മറന്ന് തെരുവിലൂടെ യുറേക്ക എന്ന് വിളിച്ചുകൊണ്ട് അദ്ദേഹം ഓടി. ഇത്

എന്നെ വളരെയധികം ആശ്ചര്യപ്പെടുത്തി. എന്നെ വളരെയധികം ആകർഷിച്ച പുസ്തകങ്ങളിലൊന്നാണിത്. ഒട്ടനവധി ശാസ്ത്ര

പ്രതിഭകളെക്കുറിച്ചും അവരുടെ മഹത്തായ കണ്ടുപിടുത്തങ്ങളും വളരെ ലളിതമായ ഭാഷയിൽ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

---------

കവിത



അശ്വിനി സന്തോഷ് കെ വി
8 ഡി

**സംഘർഷഭൂമി**

പണ്ടേ ഉള്ളൊരു കാര്യമിതല്ലോ
പതിനെട്ടാംപടി ചവിട്ടരുത് സ്ത്രീകൾ
സുപ്രീംകോടതി വിധിയെഴുതി
കയറാം പടി പതിനെട്ടും സ്ത്രീകൾക്ക്
ഉയർന്നു സംഘർഷം ഇതിനെതിരെ
ചർച്ചകൾ പൊങ്ങുന്നു സമരങ്ങൾ ഉയരുന്നു
ഫെമിനിസ്റ്റുകൾ പലതും കലഹിച്ച്
അയ്യപ്പനെകാണാൻ സന്നിധാനത്ത്
മാധ്യമങ്ങൾ അതിരില്ലാതിളകുന്നു
സംഘർഷം ഇത് എങ്ങനെ തീരും?

----------

<u>ആസ്വാദന കുറിപ്പ്</u>



ശിഖ.ആർ
9.A

# കളപ്പുരപ്രാവ്

(ഒ എൻ വി കുറുപ്പ്)

കേരളത്തിൻെറ സമൃദ്ധമായിരുന്ന പ്രാചീനസംസ്കാരങ്ങൾ നഷ്ടമായി പോയതിൻെറ സങ്കടങ്ങൾ പങ്കുവയ്ക്കുന്ന കവിതയാണ് ജ്ഞാനപീഠ ജേതാവുകൂടിയായ ഒ എൻ വി കുറിപ്പിൻെറ 'കളപ്പുരപ്രാവ് '.

നെൽവയലുകളിൽ നിന്ന് കൊയ്തെടുത്ത് കറ്റമെതിച്ച് കളപ്പുരയിലെത്തിക്കുന്ന നെല്ല് കൊത്തിതിന്നാൻ എത്താറുണ്ടായിരുന്ന പ്രാവിനോട് തൻെറ കളപ്പുരയിലേക്കുള്ള വഴി മറന്നുപോയോ എന്ന് കവി ചോദിക്കുന്നു. ഇന്ന തൻെറ കളത്തിൽ കതിർകറ്റയോ കൊത്തിപ്പെറുക്കാൻ ഉതിർമണികളോ ഇല്ല. എങ്കിലും കാലങ്ങളായി പ്രാവിനെ അരിമണിയൂട്ടിയിരുന്ന കൈകളെ മറക്കുന്നത് ശരിയല്ലെന്നും ഉണ്ണാൻ മറന്നാലും ഊട്ടാൻ മറക്കാത്ത ഒരാൾ ഇവിടെയുണ്ടെന്ന സത്യം എന്തുകൊണ്ടാണ്

പ്രാവ് മറന്നുപോയതെന്നും കവി ചോദിക്കുന്നു. കുറ്റമെതിക്കുവാനില്ലാത്ത കളത്തിലാണെങ്കിലും പ്രാവിന് വേണ്ടി ഒരു പിടി നെല്ല് കരുതിവെച്ചിരുന്നത് കളത്തിലെറിയുകയാണെന്ന് കവി പറയുന്നു. അരുമയോടെ പ്രാവിനെ വിളിച്ചുകൊഞ്ചുന്ന പഴയപാട്ടിന്റെ വരിയും മറന്നു പോയിരിക്കുന്നു. പ്രാവ് ഏതോ പുതിയ വിരുന്നറയിലെ തളികയിലെ ഇറച്ചിക്കറിയായ് മാറിയിരിക്കാം എന്ന ആശങ്കയും കവി പങ്കുവയ്ക്കുന്നു.

നമ്മുടെ സമൃദ്ധമായിരുന്ന കാർഷികസംസ്കാരവും അതിനോടനുബന്ധിച്ചുള്ള ദാനപുണ്യങ്ങളും നന്മകളും നഷ്ടപെട്ട് പോയതിൽ വേദനിക്കുന്ന ഒരു കവിയെ ഈ കവിതയിൽ കാണാം. പഴമയുടെ നന്മകൾ മനസ്സിൽ പുന:പ്രതിഷ്ഠിക്കണം എന്നാഗ്രഹിച്ചാലും അതൊന്നും സ്വീകരിക്കാനാഗ്രഹിക്കാത്ത പുതുതലമുറയുടെ പരിഷ്കാരത്തോടുള്ള അടങ്ങാത്ത ഭ്രമത്തെയും പൊങ്ങച്ചത്തെയും കവി കളിയാക്കുന്നു. എന്തൊക്കെ മാറ്റങ്ങൾ ലോകത്ത് സംഭവിച്ചാലും അടിസ്ഥാനമൂല്യങ്ങൾക്ക് യാതൊരു കോട്ടവും തട്ടുകയില്ലെന്നും അവ പഴമനസ്സുകളിലെങ്കിലും നിലനിൽക്കുമെന്നും കവി സൂചിപിക്കുന്നു. ഉണ്ണാൻ മറന്നാലും ഊട്ടാൻ മറക്കാത്ത പാരമ്പര്യത്തിന്റെ കണ്ണികൾ ശേഷിക്കുന്നുവെന്ന ഓർമ്മപ്പെടുത്താൽ കൂടിയാണ് ഈ കവിത.

ലളിതമനോഹരമായ ശൈലിയിൽ രചിച്ചിരിക്കുന്ന ഈ കവിതയുടെ ഭാവഭംഗി നിലനിർത്തുന്നത് അതിലെ ഹൃദ്യമായ ആശയങ്ങളും കല്പനകളുമാണ്.

**<u>കഥ</u>**



അനന്യ കെ
8 ഡി

**അവൾ മഹാലക്ഷ്മി**

ബോംബെ നഗരത്തിൻെറ ഇരുണ്ട തെരുവീഥികളിലൂടെ നടക്കുമ്പോൾ പെട്ടെന്ന് ഒരു ശബ്ദം കേട്ട് തിരിഞ്ഞുനോക്കി ഒരു കുപ്പത്തൊട്ടിയുടെ അരികിൽ നിന്നായിരുന്നു ആ ശബ്ദം. അയാൾ അങ്ങോട്ടു നീങ്ങി. ഇരുട്ടിൽ ഇരുന്ന് തേങ്ങികരയുന്ന ഒരു കുട്ടിയുടെ മുഖമാണ് വേണു കണ്ടത്. വേണു പതിയെ അവളുടെ അരികിലെത്തി .

"എന്തുപറ്റി"

ചോദ്യം കേട്ട് അവൾ ഒന്ന് ഞെരുങ്ങി. എന്നിട്ട് വാടിതളർന്ന ആ മുഖം ഒന്ന് വിടർത്തി അവൾ വേണുവിനെ ഒന്ന് നോക്കി.

വേണു വീണ്ടും ചോദിച്ചു. അവൾ ഒന്നും മിണ്ടുന്നില്ല. അവളുടെ ദയനീയമായ നോട്ടം വേണുവിനെ അസ്വസ്ഥനാക്കി.

അയാൾ തൻെറ കൈയ്യിലിരുന്ന ഭക്ഷണപൊതി അവൾക്കുനേരെ നീട്ടിക്കൊണ്ട് പറഞ്ഞു. 'ഇതാ ഇത് കഴിച്ചോ', പെട്ടെന്ന് അവൾ എഴുന്നേറ്റ് ഇരുട്ടിലേക്ക് മറഞ്ഞു. അയാൾ തൻെറ ഫ്ലാറ്റിലേക്ക് പോയി. അന്ന് ഉറക്കത്തിൽ മുഴുവൻ അവളായിരുന്നു. ഇരുണ്ട വീഥിയിൽ ക്ഷീണിച്ചിരുന്ന ഒരു പെൺകുട്ടി.

പിന്നീട് ഒരുനാൾ വേണു ഓഫീസിൽ നിന്ന് മടങ്ങും വഴി അവളുടെ അടുത്തെത്തി അവളുടെ മുഖത്തേക്കുനോക്കി. അയാൾ പേഴ്സ് തുറന്ന് പൈസയെടുക്കുമ്പോഴേക്കും അവളെ അവിടെ കാണാനില്ല.

അയാൾ നോക്കിനിൽക്കേ അവൾ ഓടിമറഞ്ഞു. അന്നും അയാൾ അവളെ ഉറക്കത്തിൽ കണ്ടു. ഈ കാഴ്ച തുടർന്നുകൊണ്ടിരിക്കെ ഒരു നാൾ അവളെ കണ്ടപ്പോൾ അയാൾ തൻെറ കൂട്ടുകാരോട് അവളെ ചൂണ്ടിക്കൊണ്ട് അവൻ കണ്ട കാഴ്ച പറഞ്ഞു അല്പം ആലോചിച്ച ശേഷം കൂട്ടുകാരൻ .

"ഈയിടെ പത്രത്തിൽ ഒരു വാർത്തയുണ്ടായിരുന്നു ശ്രദ്ധിച്ചോഎന്ന് എനിക്കറിയില്ല പീഢനത്തിനിരയായ കുട്ടിയെ കുറിച്ച്. അത് നീ പറഞ്ഞ കുട്ടിയാണെന്ന് തോന്നുന്നു. അതെ അവൾ തന്നെ മഹാലക്ഷ്മി. ഒരു ഗ്രമീണ പെൺ കൊടി".

മഹാലക്ഷിയുടെ അച്ഛനും അമ്മയും അവളെ പട്ടണത്തിലെ വലിയ ഇംഗ്ലീഷ് മീഡിയം പഠിപ്പിച്ചു. അവരുടെ അദ്ധ്വാനവും കഷ്ടപ്പാടും മനസ്സിലാക്കിയ അവൾ നന്നായി പഠിച്ചു.

മെഡിക്കൽ സ്റ്റുഡൻറായ മഹാലക്ഷമി ഹോസ്റ്റലിലേക്ക് വരികയായിരുന്നു. അച്ഛനോട് യാത്രപറഞ്ഞിറങ്ങുമ്പോൾ തൊട്ട് എന്തോ ഒരു അസ്വസ്ഥതയായിരുന്നു. അതും പേറി രതിയെ നടക്കുമ്പോൾ പെട്ടെന്നാണൊരു വണ്ടി അരികിലെത്തിയത്. പിന്നീട് സംഭവിച്ചത്...........

പോലീസ്,കേസ്,കോടതി............

ക്യാമറക്കണ്ണുകൾ,ചാനലുകൾ...........

എന്നിട്ട് എന്തു കാര്യം നഷ്ടങ്ങൾ, വേദനകൾ മാത്രം. ഇന്നവൾക്കെല്ലാം നഷ്ടമായി സ്വാധീനവും പണവുമുള്ള പ്രതികൾ എളുപ്പം കേസിൽനിന്നൂരിപ്പോയി. അഭിമാനം നഷ്ടപ്പട്ട അച്ഛൻ ഒരു കഷ്ണം കയറിൽ എല്ലാം അവസാനിപ്പിച്ചു. അമ്മയുടെ നോട്ടം താളം തെറ്റിയമനസ്സിനെ ഓർമ്മിപ്പിച്ചു.

മഹാലക്ഷമിയെക്കുറിച്ച മനസ്സിലാക്കിയ വേണു അവളെ തെരുവിൽ നിന്ന് കൈ പിടിച്ചുയർത്തി. സമൂഹത്തിൻെറ ഒറ്റപ്പെടുത്തലുകൾക്കപ്പുറത്ത് അവൾ ഇന്നൊരു ഡോക്ടറാണ്.

----------



ആദിത്ത് പാച്ചേനി
8 ഡി

# നവകേരളം തുള്ളൽ

കേരളമെന്നൊരുനാടുണ്ടടിവിടെ
കേരസമൃദ്ധിയിൽ നിലകൊള്ളുന്ന
പ്രളയം വന്ന കേരളനാട്ടിൽ
നാശം,നഷ്ടം നിലവിളിമാത്രം
കേരളമൊന്നായ് കഷ്ടപ്പെട്ടു
ഇതിനിടയിൽ പലനേതാക്കൻമാർ
നിര നിരയായി ചാനലിൽ വന്നു
പലരും പലതും കണ്ടേയില്ല
കണ്ടിട്ടും ചിലർ കണ്ടില്ലെന്നേ!
കേരളനാടിനെ കരകേറ്റീടാൻ
കടലിൽപോകും മക്കൾമാത്രം
നേതാക്കൻമാർ മുടിച്ചകേരളമണ്ണിൽ
പണത്തെവെല്ലാൻ എന്തുണ്ടിന്ന്
പരിശ്രമിക്കുന്നവരെക്കണ്ടാൽ
നോക്കിനിൽക്കുന്നവർക്ക് പുച്ഛം
എങ്ങോട്ടാണീനാടിൻപോക്ക്
എന്താണിനിയീ നാടിനു രക്ഷ ?

കഥ



മൃദുൽ. പി
8 D

# പൊയ്മുഖം കീറിയ നാട്ടുകാർ

പണ്ട് ഒരു ഗ്രാമമുണ്ടായിരുന്നു. ജാതിവ്യവസ്ഥകൾ നിലച്ചിരുന്ന കാലത്താണ് കാർഷിക സമ്പന്നത കൂടിവന്നത്. എല്ലാം കൊണ്ടും സമ്പന്നമായ ഗ്രാമമായിരുന്നു അത്. പച്ച പരവതാനി പോലുള്ള വയലുകളും വലിയ കുന്നുകളും ഒക്കെ ഈ ഗ്രാമത്തെ ഒക്കെ ഈ ഗ്രാമത്തെ ഒരു പ്രകൃതി സമ്പന്നമാക്കി തീർക്കുന്നു. ഈ ഗ്രാമത്തിൽ ഒരു നല്ല കവല ഉണ്ടായിരുന്നു. ഒരു ചെറിയ ചായക്കട ആ ഗ്രാമത്തെ പറ്റി വലിയ വിവരങ്ങൾ നല്കുന്നു. ചെറിയ കടകളും അവിടെ ഉണ്ടായിരുന്നു. ഇവയെല്ലാം കൊണ്ടും സമ്പന്നമാണെങ്കിലും ആ ഗ്രാമം അന്ധവിശ്വാസത്തിൻെറ പിടിയിലായിരുന്നു. കുട്ടികൾ മുതിർന്നവർ വരെ അന്ധവിശ്വാത്തിൻെറ പിടിയിലായിരുന്നു.

അങ്ങനെയിരിക്കെ ഒരു പാതിരാത്രിയിൽ ഒരാൾ നടന്നുപോകുന്നുണ്ടായിരുന്നു. അപ്പോൾ കുറച്ച് ദൂരെയുള്ള തോടിൻെറ കരയിലൂടെ ഒരു വെളിച്ചം കണ്ടു. കുറച്ച് സമയം കഴിഞ്ഞ് ആ വെളിച്ചം പോയി. പിന്നെയും വെളിച്ചം തിരിച്ചു വന്നു. ഇതിങ്ങനെ തുടർന്നു. പേടിച്ചു വിറച്ച അയാൾ ഓടി തൻെറ വീട്ടിലേക്ക് പോയി. പിറ്റേന്ന് കവലയിലുള്ള ചായക്കടയിൽ ഇത് ചർച്ചാവിഷയമായി. അയാൾ തന്നെയായിരുന്നു ഈ വാർത്ത കവലയിൽ എത്തിച്ചത് . ഇവർ വാർത്ത കവലയിൽ എത്തിച്ചത്. ഇവർ ഇതിനെ പറ്റി ഓരോന്ന് പറയാൻ തുടങ്ങി. അപ്പോൾ അടുത്തുണ്ടായിരുന്ന ഒരു വൃദ്ധൻ പറഞ്ഞു.

"അത് ഒറ്റ പൂതിയാണ് മനുഷ്യരോടുള്ള കോപം തീർക്കാൻ അത് തീപന്തവുമായി അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടേയിരിക്കും ആ തീപന്തം ഇടയ്ക്ക് മിന്നുകയും പ്രകാശിക്കുകയും ചെയ്യും". ഒരു കൂട്ടം പേർ അത് വിശ്വസിക്കുകയും ചിലർ വിശ്വസിക്കാതിരിക്കുകയും ചെയുതു. ഇത് പിന്നെ ഗ്രാമം മുഴുവൻ പടർന്നു. ആരും രാത്രികാലങ്ങളിൽ പുറത്തിറങ്ങാതെ പേടിച്ച് വിറച്ച് വീടിനുള്ളിൽ ചുരുണ്ടുകൂടി. ഈ സമയം നാട്ടിലെ അന്ധവിശ്വാസത്തെ ശക്തമായി എതിർത്തൊരാൾ ഉണ്ടായിരുന്നു. രാഘവൻ എന്നായിരുന്നു അയാളുടെ പേര്. രാഘവേട്ടന് ഇതിൽ എന്തെങ്കിലും സത്യമുണ്ടോ എന്നറിയാൻ ആകാംഷയായി. രാഘവേട്ടൻ കവലയിലെ ആൾക്കാരോട് ഒരു കള്ളം പറഞ്ഞു. രാത്രി ഇങ്ങനെ നടക്കുന്നത് മനുഷ്യർ തന്നെയാണെന്നും നമ്മളെ

പേടിപ്പിക്കാനാണെന്നുമാണ് രാഘവേട്ടൻ പറഞ്ഞത്. ഇത് നാട്ടുകാർ വിശ്വസിച്ചു. നാട്ടുകാർക്ക് ഇത് അറിയാനുള്ള ത്വര അവരുടെ മനസ്സിൽ തെളിഞ്ഞുവന്നു. അങ്ങനെ അന്നു രാത്രി രാഘവേട്ടനും നാട്ടുകാരും കൂടി രാത്രിയിൽ തക്കം പാർത്തുനിന്ന് കള്ളന്മാരെ പിടികൂടി. താൻ പറഞ്ഞത് സത്യമാണെന്നറിഞ്ഞ രാഘവേട്ടൻ ഞെട്ടിത്തരിച്ചു പേയി.കള്ളന്മാരെ കവലയിൽ കെട്ടിയിട്ടു. രാഘവേട്ടനും നാട്ടുകാരും കള്ളന്മാർക്ക് കാവൽ നിന്നു. പിറ്റേന്ന് പത്രക്കാരൻ ഈ വിവരം നാട്ടുകാരെ അറിയിച്ചു. നാട്ടുകാർ ഒരു നിമിഷം പോലും നിന്നില്ല. ഉടനെ കവലയിൽ എത്തി. ഉടനെ കള്ളന്മാരോട് രാഘവേട്ടൻ ചോദിച്ചു. “നിങ്ങൾ എന്തിനാണ് ഇങ്ങനെ ചെയ്തത്?” അപ്പോൾ ഒരു കള്ളൻ പറഞ്ഞു. “ഇവിടത്തെ ധാന്യങ്ങളും പച്ചക്കറികളും കൊള്ളയടിക്കാനാണ് ഞങ്ങൾ ഇങ്ങനെ ചെയ്തത് , ഞങ്ങൾക്ക് മാപ്പ് തരണം”രാഘവേട്ടൻ അവരുടെ കെട്ടഴിച്ച് അവരെ സ്വതന്ത്രരാക്കി. അവരെ അവരുടെ പാടിന് വിട്ടു. എന്നിട്ട് രാഘവേട്ടൻ നാട്ടുകാരോട് പറഞ്ഞു. “അന്ധവിശ്വാസം നമുക്ക് ഗുണം ചെയ്യുകയില്ല അത് നമ്മളെയും ചതിക്കും അന്ധവിശ്വാസത്തെ ശക്തമായി എതിർക്കണം” .

ഇവിടെ അന്ധവിശ്വാസത്തിന്റെ പൊയ്മുഖം രാഘവേട്ടനും നാട്ടുകാരും വലിച്ചുകീറി. പിന്നീടവർ സന്തോഷമായി ജീവിച്ചു.

കവിത



നിഹാര.കെ.പി
10 B

**ദൈവത്തിൻെറ സ്വന്തം നാട്**

അമ്മതൻ പുതപ്പിനെ വലിച്ചെറിയാനെത്തിയ
കാലാ... നീയാണോ മാരി.
ധരണിയുടെ മുകളിലായി ഇരുണ്ട നിഴലായി
നീ വന്നു നിന്നു.
നീ പെയ്തു വീണു.
മണ്ണിനെ കലുക്കിയ മനസ്സിനെ
വിറപ്പിച്ച നിൻെറ ശബ്ദം കാതിൽ മുഴങ്ങുന്നു.
നീ മാരിയോ അതോ 'പേ'മാരിയോ
മാനത്തിൻ കണ്ണുനീരായി നീ വന്നപ്പോൾ,നീ
ഞങ്ങളേ നോക്കിച്ചിരിച്ചപ്പോൾ
അമ്മയാം ധരണിയുടെ ധമനികൾ
പൊട്ടിയൊഴുകിയപ്പോൾ
കണ്ടു നമ്മുടെ നാടിനെ...കണ്ടു...

ദൈവത്തിന്റെ സ്വന്തം നാടായി കണ്ടു.
ജീവന്റെ വില അതെന്താണെന്നു കണ്ടു.
കണ്ണിൽ പൊടിയുന്ന തുള്ളികളെല്ലാം ഒന്നെന്നു കണ്ടു.
മർത്ത്യന്റെ ഉള്ളിലെ നന്മയെ കണ്ടു.
ഒരു കൈപിടിയിലൊതുങ്ങുന്നതെന്നു കണ്ടു മർത്ത്യന്റെ
വിഷാദങ്ങളാണെന്നു കണ്ടു.ദൈവത്തിൻെറ സ്വന്തം നാട്

അമ്മതൻ പുതപ്പിനെ വലിച്ചെറിയാനെത്തിയ
കാലാ... നീയാണോ മാരി.
ധരണിയുടെ മുകളിലായി ഇരുണ്ട നിഴലായി
നീ വന്നു നിന്നു.
നീ പെയ്തു വീണു.
മണ്ണിനെ കലുക്കിയ മനസ്സിനെ
വിറപ്പിച്ച നിൻെറ ശബ്ദം കാതിൽ മുഴങ്ങുന്നു.
നീ മാരിയോ അതോ 'പേ'മാരിയോ
മാനത്തിൻ കണ്ണുനീരായി നീ വന്നപ്പോൾ,നീ
ഞങ്ങളേ നോക്കിച്ചിരിച്ചപ്പോൾ
അമ്മയാം ധരണിയുടെ ധമനികൾ
പൊട്ടിയൊഴുകിയപ്പോൾ
കണ്ടു നമ്മുടെ നാടിനെ...കണ്ടു...
ദൈവത്തിന്റെ സ്വന്തം നാടായി കണ്ടു.
ജീവന്റെ വില അതെന്താണെന്നു കണ്ടു.

കണ്ണിൽ പൊടിയുന്ന തുള്ളികളെല്ലാം ഒന്നെന്നു കണ്ടു.

മർത്ത്യന്റെ ഉള്ളിലെ നന്മയെ കണ്ടു.
ഒരു കൈപിടിയിലൊതുങ്ങുന്നതെന്നു കണ്ടു മർത്ത്യന്റെ

വിഷാദങ്ങളാണെന്നു കണ്ടു.

ജാതിയില്ലാ, മതമില്ലാ വർഗവും പേരില്ലാ പ്രശസ്തിയില്ലാ
പണവും

നാടില്ലാ... നഗരവും... എങ്കിലും മിച്ചമായ് നാമുണ്ട് അതാണ്

മർത്ത്യൻ.

സൂര്യനെപ്പോലും കറുപ്പാക്കി മാറ്റിയ ആ നാളുകൾ നല്ലതോ...

ചീത്തയോ...

നീ... 'പേ' മാരിയോ അതോ ദൈവത്തിന്റെ പാഠമോ...
നിൻ വരമെന്നും ഓർത്തിടും മർത്ത്യൻ
അന്നല്ലയോ ആദ്യമായ് കണ്ടത്
മർത്ത്യനായ മർത്ത്യൻ
നീ പെയ്തുവീഴ്ത്തിയ ഓരോ തുള്ളിയിലും
നീ ഒഴുകിയെത്തിയ ഓരോ പുഴയിലും

ഞാൻ കണ്ടു ഒന്നായ മനുഷ്യരെ...

നിന്നെ അയച്ചത് കാലനോ, അതോ

നീ ദൈവദൂതനോ?

ജാതിയില്ലാ, മതമില്ലാ വർഗവും പേരില്ലാ പ്രശസ്തിയില്ലാ
പണവും

നാടില്ലാ... നഗരവും... എങ്കിലും മിച്ചമായ് നാമുണ്ട് അതാണ് മർത്ത്യൻ.

സൂര്യനെപ്പോലും കറുപ്പാക്കി മാറ്റിയ ആ നാളുകൾ നല്ലതോ... ചീത്തയോ...

നീ... 'പേ' മാരിയോ അതോ ദൈവത്തിന്റെ പാഠമോ...
നിൻ വരമെന്നും ഓർത്തിടും മർത്ത്യൻ
അന്നല്ലയോ ആദ്യമായ് കണ്ടത്
മർത്ത്യനായ മർത്ത്യൻ
നീ പെയ്തുവീഴ്ത്തിയ ഓരോ തുള്ളിയിലും
നീ ഒഴുകിയെത്തിയ ഓരോ പുഴയിലും
ഞാൻ കണ്ടു ഒന്നായ മനുഷ്യരെ...
നിന്നെ അയച്ചത് കാലനോ, അതോ
നീ ദൈവദൂതനോ?

-----------

**കഥ**



നന്ദന സി അശോക്
10A

# അവൾ

നിറഞ്ഞ അന്ധകാരം .... നാളുകളായ് ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്ന പൂന്നിലാവ്... ഇരുളിൻ വിജനതയിൽ അവൾ തൻെറ പാഴ് ജന്മത്തെ ഒരു നേർത്ത തേങ്ങലോടെ ഓർത്തു.... "ൻെറ ഭഗവാനെ ഇനിയും എന്തിനെന്നെ..." അവൾ എന്നും തനിച്ചായിരുന്നു. അല്ല , അവളെ എന്നും തനിച്ചാക്കി. മധ്യലഹരിയിൽ കൈവിട്ട പട്ടത്തെപ്പോലെ പാറിപ്പറക്കുന്ന പിതാവിൽ നിന്ന് അവൾ ഒന്നും ആഗ്രഹിച്ചില്ല. നിറകണ്ണോടെ തന്നെ പുണർന്ന് പൊട്ടികരയുന്ന അമ്മ.... ഏതൊ ഒരു ന്യൂജെൻ ഫ്രീക്കൻ തൻെറ പ്രൗഢി ഗംഭീരമാക്കാൻ നൂറിൽ പാഞ്ഞതാ.... പക്ഷെ , ആ യാത്ര തൻെറ ജീവിതത്തെ ഇത്ര കഠിനമാക്കുമെന്ന് ആ പെൺകിടാവ് അറിഞ്ഞില്ല. അമ്മ കിടപ്പിലാണ്. വെമ്പലോടെ

അവൾ തൻെറ അമ്മയെ നോക്കി..... ദയനീയമായ ആ നോട്ടം പിന്നിട് ഒരു പൊട്ടിക്കരച്ചിലായി മാറി... കേവലം ഏഴ് വയസ്സ് പ്രായമുള്ള അവൾ ഇറങ്ങി. വിശാലമായ നഗരചത്വരം അവളെ മാടിവിളിച്ചു. പല പ്രായക്കാരുടെ രസക്കണ്ണുകൾ അവളിൽ പതിച്ചു. എങ്കിലും അവൾക്ക് മറ്റ് മാർഗമില്ലായിരുന്നു. പലയിടങ്ങളിലായി അവൾ ജോലിയെടുത്ത് കിട്ടിയ തുച്ഛവരുമാനം അമ്മയുടെ മരുന്നിനുപോലും തികഞ്ഞില്ല. കുഴിഞ്ഞ വയറുമായി പതിയെ പോളിഷിട്ട പാതയിലൂടെ വളരെ പ്രയാസത്തോടെ അവൾ നടന്നു. അസുഖകരമായ ഒരു സായഹ്നത്തിൽ ഒരു വിങ്ങലോടെ അതറിഞ്ഞു. താൻ ഏകാന്തതയുടെ തടവറയിലെക്ക് വലിച്ചെറിയപ്പെട്ടിരിക്കുന്നു. ഷീറ്റുകൊണ്ട് മറച്ച ആ കൂരയും ഏറെക്കുറെ തളർന്നിരിക്കുന്നു. എല്ലാം വിധി... എന്ന് ഓർത്ത് സമാദാനിക്കാൻ പോലും അവൾക്കറിയില്ലായിരുന്നു. പട്ടണത്തിലെ വികസിച്ച മുറികളിൽ തുത്തും തുടച്ചും അവൾ നീങ്ങി. രാവന്തിയോളം എന്തെങ്കിലും ഒന്ന് ചെയ്ത് അവൾ തൻെറ യാത്ര തുടർന്നു.ഒരുന്നാൾ അവളുടെ ജീവിതത്തിൽ കടന്നെത്തിയഒരു അപരിചിതൻ. ഒരു അങ്കിൾ. എല്ലാം കൊണ്ടും ഒറ്റപ്പെട്ട് തന്നെ തേടിയെത്തിയ ആ അങ്കിളിനെ അവൾഡ അതിരറ്റ് സ്നേഹിച്ചു. അദ്ദേഹം അവൾക്ക് പുത്തനുടുപ്പുകളും ഫോറിൻ ഫുഡുകളും നൽ കി. ഏറെ വൈകാതെ വാടിയൊടിഞ്ഞ ആ പേകോലം

ഒരു സുന്തരകുസുമമായി വിടർന്നു. ചുറ്റും സുഗന്ധം പരത്തി. പത്താം ക്ലാസിൻെറ പേടിപ്പിക്കുന്ന മുഖത്തെ അവൾ നിഷ്പ്രയാസം നേരിട്ടു. എല്ലാ വിഷയത്തിലും A+എന്ന ശോഭ അവൾ കോട്ടം തട്ടാതെ സൂക്ഷിച്ചു. തൻെറ പ്രീയങ്കരനായ അങ്കിൾ അവൾക്ക് ഉപഹാരങ്ങളുടെ ഒരു വൻമല സമ്മാനിച്ചു. അങ്കിളിൻെറ ഭാര്യയും മകനും അവളെ ഏറെ സ്നേഹിച്ചു. വളർന്നുവന്ന ആ സാഹോദര്യബന്ധവും അവൾക്ക് കൈത്താങ്ങായി. അവൾ മുടക്കമില്ലാതെ ഉപരിപഠനം നടത്തി. എന്നാൽ താനറിയാതെ തന്നെ എന്തൊക്കെയോ അലട്ടുന്നു. ആ പ്രശ്നത്തിനു കാരണം കണ്ടെത്താൻ അവൾക്കായില്ല.നിറകണ്ണോടെ അവൾ പതിയെ അത് മനസ്സിലാക്കി. താനതിരറ്റ് സ്നേഹിച്ച ആ അങ്കിൾ അവൾക്ക് അതോർക്കാനായില്ല.അവൾ ആരോടും ഒന്നും പറയാതെ ആ വീടുവിട്ടു. ചീറിപ്പായുന്ന വണ്ടികൾ കെടാത്ത തെരുവുവിളക്കുകൾ...... കാമക്കണ്ണുകളോടെ തൻെറ ഉടുത്ത ശരീരത്തിൽ അസഹനിയതയോടെ നോക്കുന്ന ചിലർ. ആ കണ്ണുകൾ അവളെ പിന്തുടർന്നു. അവൾ നടത്തത്തിൻെറ വേഗം കൂട്ടി . "ആ അങ്കിൾ " അവളുടെ സംശയം ഒരു തേങ്ങലായി. അട്ടഹാസമായി. അവളെക്കൊണ്ട് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.പൊട്ടികരഞ്ഞ്, അവൾ ഓടി..... ആ നേർത്ത കരങ്ങൾ അവർ പിടിച്ചു..... ലഹരിയുടെ മഹാസാഗരത്തിൽ

നീരാടിയ അവരിൽ ദയ കടന്നു ചെല്ലാൻ അനുവദിച്ചില്ല. അതിക്രൂരമായി അവളെ അവർ......
തളർന്ന മനസ്സിൽ അവൾ ആ ക്രൂരമുഖം ഓർത്തു..... അങ്കിൾ... അവൾ തേങ്ങലടിച്ച് കരഞ്ഞു. നഗരത്തിൻെറ ഒരു കോണിൽ ഇരുന്ന് അവൾ കരഞ്ഞു. ഇരുളിൻ മറവിലെ ഒരു നിഴലായി മാറി..... കെടാത്ത തെരുവുവിളക്കിൻെറ മങ്ങിയ പ്രകാശത്തിൽ നടന്നടുക്കുന്ന ആ നിഴൽ അവളിലേക്ക് അടുത്തു. ഭയരഹിതയായ അവൾ അഴകിയ മുഖം തന്നോട് ചേർത്ത് വച്ച് കിടന്നു. അയാൾ അവളുടെ നെറുകയിൽ പതിയെ തലോടി. ഒരു ഞെട്ടലോടെ അവൾ തലയുയർത്തി. അവളുടെ വരണ്ട ചുണ്ടുകളിൽ ഒരു നേർത്ത സ്വരം "അങ്കിൾ....." ആർത്തലച്ചു പെയ്യുന്ന മഴ .... മത്സരിച്ച് കളിക്കുന്ന ഇടിമിന്നലിൻെറ ഇരമ്പുന്ന നാദസ്വരത്തിനിടയിൽ തെന്നിതെന്നി അങ്ങിങ്ങായി പാറി നടക്കുന്ന ഇളം തെന്നൽ ....
"മോളേ....."

എവിടുന്നോ വന്ന ആ ശബ്ദം അവളെ ഉണർത്തി. ഒഴുകുന്ന കണ്ണീരോടെ അവൾ ആ ശബ്ദം ലക്ഷ്യമാക്കി നടന്നു. അപ്പോഴും മഴ ആർത്തലച്ച് പെയ്യുന്നുണ്ടായിരുന്നു. ഇടിമിന്നൽ മത്സരിച്ച് കളിക്കുന്നു. അവളുടെ വിധിയെ പ്രകൃതിയും അംഗീകരിച്ചു.

-------------

**<u>പുസ്തകാസ്വാദനം</u>**



ആര്യ രമേഷ്
8 എ

**ആടുജീവിതം**

ബെന്യാമിൻ

അറേബ്യയിലെ മലയാളിയുടെ അടിമജീവിതത്തിൻെറ രേഖയായി വ്യാഖ്യാനിക്കപ്പെട്ട,പുസ്തകപ്രസാധനം സംബന്ധിച്ച ധാരണകളെ തിരുത്തിയെഴുതിയ ഭൂഗോളവായനകളിലേക്കും അന്താരാഷ്ട്ര വേദികളിലേക്കും കടന്നുവന്ന മലയാളസാഹിത്യത്തിൻെറ വിപ്ലവം സൃഷ്ടിച്ച കൃതിയാണ് ബെന്യാമിൻെറ ആടുജീവിതം.

ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേട് എന്നല്ല ചോരവാർന്ന ജീവിതമാണ് ഇതിലുള്ളത്. പ്രവാസ ജീവിതത്തിൻെറ മണൽപരപ്പിൽ നിന്നും രൂപം കൊണ്ട മഹത്തായ നോവലാണ് ആടുജീവിതം.

വലിയ സ്വപ്നങ്ങളുമായി സൗദിഅറേബ്യയിൽ ജോലിക്കായി പോയി വഞ്ചിക്കപ്പെട്ട് മരുഭൂമിയിലെ ഒരു ആടുവളർത്തൽ കേന്ദ്രത്തിലെ ദാരുണസാഹചര്യങ്ങളിൽ മൂന്നിലേറെ വർഷം അടിമപ്പണി ചെയ്യേണ്ടിവന്ന നജീബ് എന്ന യുവാവിൻെറ കഥയാണ് ഈ കൃതി. നജീബിനും ഹക്കീമിനും മരുഭൂമിയിൽ ദാഹിച്ചുമരിച്ച എല്ലാ ആത്മാക്കൾക്കും എന്ന സമർപ്പണത്തോടെയാണ് നോവൽ ആരംഭിക്കുന്നത്. നജീബാണ് കഥാനായകൻ. അയാളൊന്നും നടിക്കുകയല്ല പച്ചയായ ജീവിതം തുറന്നുകാട്ടുകയാണ്. നജീബ് എന്നത് ബെന്യാമൻ മെനഞ്ഞെടുത്ത ഒരു സാങ്കൽപ്പിക കഥാപാത്രമല്ല. അയാളുടെ ജീവിതവും അനുഭവങ്ങളും പരമമായ യാഥാർത്ഥ്യമാണ്. നജീബിൻെറ കഥ പറയികയല്ല, മറിച്ച് ആ മനുഷ്യൻെറ ആത്മാവിൽ അലിഞ്ഞുചേർന്ന് അയാൾ നജീബാവുകയാണ്. നോവും നൊമ്പരവും കഷ്ടതയും നിസ്സയാവസ്ഥയും അതിൻെ തീവ്രത ഒട്ടും നഷ്ടപ്പെടാതെ ആവിഷ്ക്കരിച്ച കഥാകൃത്തിൻെറ നൈപുണ്യം പ്രശംസനീയം തന്നെ. നജീബ് സാധാരണക്കാരിൽ സാധാരണക്കാരനാണ്. ഭാര്യ സൈനുവും ഉമ്മയുമുള്ള കൊച്ചുകുടുംബം. മണൽ വാരൽ തൊഴിലാളിയാണ്. യാദൃശ്ചിക ഒരു വിസ കിട്ടിയപ്പോൾ മോഹങ്ങൾ മാനത്തോളമായിരുന്നു. അയാൾ ഹക്കീമെന്ന യുവാവിനോടൊപ്പം തൻെറ സ്വപ്നങ്ങളിൽ നിന്നും യാഥാർത്യത്തിലേക്ക് കടന്നു. അവിടെ അവരെ വരവേറ്റത് ഏറെ നേരത്തെ കാത്തിരിപ്പിന് ശേഷം മുഷിഞ്ഞ വസ്ത്രധാരിയായിരുന്ന അവരുടെ യജമാനനായിരുന്നു. അവരുടെ പേരോ കുടുംബമോ വീടോ ഏതാണെന്ന്

നജീബിനറിയില്ല.

ഒരു രാത്രിയിൽ ഒരു കടുംബവണ്ടിയിൽ അർബാബ് അവരേയും കൊണ്ട് മൈലുകളോളം യാത്ര ചെയ്തു. പാതിരായ്ക്കെപ്പൊഴോ ഏതോ വെളിമ്പ്രദേശത്ത് വണ്ടി നിന്നു. അവിടെയിറങ്ങാൻ ഹക്കീമിന് മാത്രമായിരുന്നു അനുവാദം കിട്ടിയത്. നജീബിൻെറ ഉള്ളിൽ ആകാംക്ഷ തിരയടിക്കുകയായിരുന്നു. വാഹനം നിർത്തിയിടത്ത് കൂറ്റൻ ബംഗ്ലാവുകളും തിളങ്ങുന്ന ലൈറ്റുകളും ആൾ തിരക്കും അയാൾ കണ്ടില്ല. നാട്ടിൽ നിന്നും വണ്ടി കയറുമ്പോൾ സങ്കൽപ്പിച്ചെടുത്ത ഗൾഫിൻെറ മുഖം ഇങ്ങനെയൊന്നുമായിരുന്നില്ല. ഒരു പഴയകാടിനരികെ നജീബിനെ നിർത്തി അയാൾ പോയി. തലേന്നു കണ്ട ഇരുട്ടിലെ അനക്കത്തിലേക്ക് അയാൾ നോക്കി ആടുകൾ രാത്രിയിലെ ഭീകരരൂപി ആടുകളെ കെട്ടിയ വേലിക്കുള്ളിൽ എന്തോ ചെയ്യുന്നു. അർബാബ് നജീബിൻെറ ദേഹത്തേക്ക് നാറുന്ന വസ്ത്രം വലിച്ചെറിഞ്ഞു കൊടുത്തു ധരിക്കാൻ ആഗ്യം കാട്ടി. അത് ഒരു ആട്ടിടയൻെറ നാറുന്ന വസ്ത്രമായിരുന്നു. നജീബിൻെറ ആടു ജീവിതം അവിടെയായിരുന്നു തുടങ്ങിയത്. മരുഭൂമി! ഓടി തക്,പ്പെടാൻ പോലും വയ്യ. നരകം പോലും അതിലും സന്തോഷം തരുമെന്ന് അയാൾക്ക് തോന്നി. തുടക്കത്തിൽ തളർന്നുപോയ നജീബ് പിന്നെ പിന്നെ വികാരങ്ങളില്ലാത്ത വെറുമൊരാടിനെപ്പോലെ മരുഭൂമിയിൽ ജീവിക്കുന്നു. ഇതാണ് ആടുജീവിതം എന്ന കൃതിയിലെ കഥാസന്ദർഭം.

മലയാളികളുടെ ഗൾഫ് ജീവിതത്തെക്കുറിച്ചുള്ള ഈ കഥ നമ്മുടെ പല സങ്കല്പങ്ങളും തിരുത്തിക്കുറിക്കുന്നവയാണ്. മരുഭ്രമിയുടെ പ്രത്യേകതകളും സവിശേഷതയും പ്രതിഭാസങ്ങളും മറ്റൊരു കൃതിയിലും പരാമർശിച്ചിട്ടുണ്ടാവില്ല. നജീബിൽ നിന്ന് നമുക്ക് ലഭിക്കുന്നത് ജീവിതത്തിലെ പ്രതിസന്ധികൾ തരണം ചെയ്യാനുള്ള ഒരു ഊർജ്ജമാണ്. ചെറിയ കാര്യങ്ങളിൽ പോലും തളരുന്ന നാം അയാളുടെ ജീവിതത്തെയോർക്കുക. മനുഷ്യന്റെ സഹന ശക്തി എത്ര വലുതാണെന്ന് മനസ്സിലാകും.

---------



ആര്യ രമേഷ്
8 എ

**<u>സുപ്രഭാതം</u>**

സൂര്യൻെറ കുങ്കുമ ശോണിമയിൽ മുഖം
ചാലിച്ചെഴുന്നൊരീ സുപ്രഭാതം
തുഷാരബിന്ദുക്കൾ വീണമീട്ടിടും
പൊൻപ്രഭയണിഞ്ഞ സുപ്രഭാതം
പുൽനാമ്പിനറ്റത്ത് ചിന്നിച്ചിതറിയ
മഞ്ഞിൻ കണങ്ങളും ശോഭിച്ചിടുന്നിതാ
ഉണരുമ്പൊഴെൻ കാതിലീണത്തിലെത്തുന്ന
കുയിൽ നാദ സംഗീത വിസ്മയങ്ങൾ
കുളിർ കൊണ്ടുവന്നീ മന്ദമാരുതൻ
തൻ മെയ്യിൽ തഴുകി നിൽക്കെ
കള കളാരവം മുഴക്കുമീപുഴകളും
മധുനുകർന്നിടും ഭ്രമരവും
പൂങ്കാവനത്തിൻെറ വേലിപ്പടർപ്പിലും
പൂക്കൾ കൊയ്തിടും സുഗന്ധവിസ്താരവും
ക്ഷേത്രാങ്കണങ്ങലിൽ നിന്നെത്തീടുന്ന

ഇതൾ

നാമജപവും ഭക്തർ തൻ കീർത്തനങ്ങളും
പച്ചമറയുന്ന ഭൂമിമാതാവിൻെറ
കൈക്കുള്ളിൽ നമുക്കങ്ങൊതുങ്ങിക്കഴിഞ്ഞിടാം
അപ്പോഴുമൊന്ന് ചിരിച്ചിടാം
സുപ്രഭാതം കൊഴിഞ്ഞീടുമ്പോഴും

-----------

## സീതേ , കരയുന്നതെന്തിന് ?

ബാലകാണ്ഡം കഴിഞ്ഞൊരു ജീവിതം
ഗഹനമാമാരണ്യകാണ്ഡത്തിലെത്തി നില്പൂ.
വ്യാമോഹത്തിൽ പത്തുതലകൾ
ഒന്നിച്ച രാവണൻ
വേഷം മാരിയെത്തുമ്പോൾ
മാരീചൻെറ കള്ളക്കരച്ചിലിൽ
സ്നേഹത്തിൻെറ വൃത്തം തിരയാൻ
സീതയ്ക്ക് കഴിഞ്ഞെന്നു വരില്ല.
ബന്ധങ്ങളുടെ സമുദ്രങ്ങളാണ്
വറ്റിത്തിരുന്നത് .
ബന്ധങ്ങൾ എതിർപ്പിൻെറ ഗദ ധരിച്ച്
പരസ്പരം പോരാടുന്നു.
ഒളിയമ്പുകൾ ആരെയൊക്കെയോ വീഴ്ത്തുന്നു.
പൊന്നിനും പെണ്ണിനും
മോഹം വർദ്ധിക്കുമ്പോൾ
നീതിക്കു വേണ്ടി പോരാടുന്ന
ജടായുവിൻെറ ചിറകുകൾ
അരിഞ്ഞു വീഴ്ത്തപ്പെടുന്നു.
അടർക്കളത്തിൽ തേങ്ങലുകൾ ഉയരുമ്പോൾ
വിധവകളുടെ കണ്ണുനീരാണ്

ചോരപ്പുഴകളാവുന്നത്.
ഒരു വാലിൻെറ അറ്റത്തെ  ചെറിയൊരു അഗ്നികണത്തിന്
ലോകം ചുട്ടെരിക്കാനാവും.
അപ്പോഴും,
അശോകവനിയിൽ നിശബ്ദമാക്കപ്പെട്ടവളുടെ
തേങ്ങലുകൾ
ആസുരതയ്ക്ക് മുകളിൽ
ഭയത്തോടെ ഇഴയുന്നു.
ജീവൻ നിലനിർത്താൻ
മൃതസഞ്ജീവനി തിരയുകയാണാരൊക്കെയോ
നിഷ്കളങ്കതയുടെ മേൽ
അവിശ്വാസത്തിൻെറ പാപക്കറ
പുരട്ടുന്നതെന്തിന് ?
കൂടിച്ചേരലിൻെറ രസരാജിയിൽ വിടരുന്ന
പുതുനാമ്പുകൾ
നുള്ളിയെറിയാൻ നിന്നെയാരാണ് വേർപിരിക്കുന്നത് ?
നിൻെറ വനരോദനം
ലക്ഷ്മണരേഖയ്ക്കു പകരം
ഹൃദയരേഖയാണ് വരച്ചുവെക്കുന്നത്.
രാജകീയ ഉടയാടകൾക്ക് പകരം
കാഷായ വസ്ത്രത്തിൻെറ നൂലിഴകൾ തുന്നിയ
വാത്സല്യത്തിൻെറ കൈകൾ
നിന്നിൽ സാന്ത്വനമേകിയില്ലേ?

അപ്പോഴും
മനസ്സിൻെറ മുറിവുകൾ
തുന്നിച്ചേർക്കാനാവാതെ പിടയുന്ന
നിന്നിൽ നേരിൻെറ സത്യം മാത്രം
നിന്നിടംതന്നെ പിളർന്നു പോവുമ്പോൾ
ആർക്കോ വേണ്ടി നീ
മുടിനാരുകൾ ബാക്കിയാക്കി
തീർത്ഥങ്ങൾ പാപത്തിൻെറ
അഴുക്കുചാലുകളായി മാറുമ്പോൾ
സരയൂ, തേങ്ങുകയല്ലാതെ
പുഞ്ചിരിക്കുമോ സീതേ ?

ഷീലത രമേശൻ
HST മലയാളം



സായന്ത് പി പി
8 ബി



'**ഇതൾ**' ഇവിടെ അവസാനിക്കുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തനത്തിൻെറ ഭാഗമായ '**ഇതൾ**' വിരിയിച്ചെടുക്കാൻ എൻെറ കൂടെ പ്രവർത്തിച്ചവർ നിരവധിയാണ്. എപ്പോഴും ഉപദേശ നിർദ്ദേശങ്ങളും സഹായങ്ങളും നൽകിക്കൊണ്ടിരിക്കുന്ന അധ്യാപകർ ..................... സൃഷ്ടികൾ നൽകി '**ഇതളിന്**' സൗന്ദര്യം നൽകിയവർ............ ഡിജിറ്റലൈസ് ചെയ്ത് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഇവരോടുള്ള നന്ദിയും കടപ്പാടും ഹൃദയാന്തരങ്ങളിൽ സൂക്ഷിക്കുന്നു. ജിഎച്ച് എസ് എസ് മൊറാഴയുടെ സർഗ്ഗവാസനകളുടെ വിവിധ ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്ന ഈ '**ഇതൾ**' നിങ്ങൾക്ക് എന്നന്നേക്കുമായി നൽകിക്കൊണ്ട്.................

സ്നേഹപൂർവ്വം,

ജിത്തു പി വി
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ലീഡർ